# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3737 — **25.06.2013**- ലെ മറുപടിക്ക്

## കൽപ്പറ്റ ഹൗസിംഗ് സംഘത്തിൽ നിന്നും പണയാധാരങ്ങൾ തിരികെ നൽകാത്ത നടപടി

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കൽപ്പറ്റ ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും എടുത്ത ഭവന വായ്പ പലിശയടക്കം തിരിച്ചുപിടിച്ച എത്ര പേർക്ക് ഇനിയും പണയാധാരങ്ങൾ തിരികെ നൽകാനുണ്ട്; വ്യക്തമാക്കുമോ; | (എ) | കൽപ്പറ്റ ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും എടുത്ത ഭവന വായ്പ തിരിച്ചടച്ച 18 പേർക്ക് പണയാധാരങ്ങൾ തിരികെ നൽകാനുണ്ട്. |
| (ബി) പണയാധാരങ്ങൾ തിരികെ നൽകുന്നതിനായി വയനാട് ജോയിന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ, എന്നാണ് നിർദ്ദേശം നൽകിയത്; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 19.07.2012 ലാണ് നിർദ്ദേശം നൽകിയത്. |
| (സി) പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധ മായി ചേർത്തിരിക്കുന്നു. |
| (ഡി) പ്രസ്തുത നിർദ്ദേശ പ്രകാരം വയനാട് ജോയിന്റ് രജിസ്ട്രാർ പണയാധാരങ്ങൾ തിരികെ നൽകുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;<br>(ഇ) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയ തിന്റെ കാരണം വ്യക്തമാക്കുമോ; | ഡി) യും ഇ) യും | കൽപ്പറ്റ ഹൗസിംഗ് സഹകരണ സംഘത്തിന്റെ ആകെ ആസ്തിയായ 5 സെന്റ് സ്ഥലം സംഘം ഹൗസിംഗ് ഫെഡറേഷനിൽ പണയപ്പെടുത്തി റിവൈവൽ വായ്പ ലഭ്യമാക്കി വായ്പക്കാരുടെ പ്രമാണ ങ്ങൾ തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിക്കാൻ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വൈത്തിരി, മുഖേന സംഘം അഡ്മിനിസ്ട്രേറ്ററോട് ആവശ്യപ്പെട്ടിരുന്നു. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) എങ്കിൽ, സർക്കാർ നിർദ്ദേശം നടപ്പാക്കാത്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരി ക്കുമോ; | എഫ്) | സർക്കാർ നിർദ്ദേശം നടപ്പാക്കാത്ത ഉദ്യോഗസ്ഥ ന്മാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| (ജി) പണയാധാരങ്ങൾ തിരികെ ലഭിക്കാത്ത വർക്ക് അവ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | ജി) | പണയാധാരങ്ങൾ തിരികെ ലഭ്യമാക്കാൻ അടിയ ന്തിര നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ